<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1477</u> <u>07-02-2023 - ൽ മറുപടിയ്ക്ക്</u>

<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നതിനുള്ള വ്യവസ്ഥകൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ എൻ എ നെല്ലിക്കുന്ന് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിയമന പരിധിയിൽ ഉൾപ്പെടാത്ത പൊതുമേഖലാ സ്ഥാപനങ്ങളിലും മറ്റ് സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തണമെന്ന നിർദ്ദേശം നിലവിലുണ്ടോ; | (എ) | സർക്കാർ വകുപ്പുകൾ/ പൊതുമേഖല സ്ഥാപനങ്ങൾ/ ബോർഡുകൾ/ കമ്പനികൾ /കോർപ്പറേഷനുകൾ/ സർക്കാർ ഗ്രാന്റിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലേക്കുള്ള പബ്ലിക് സർവീസ് കമ്മീഷന്റെ പരിധിയ്ക്കു പുറത്തു വരുന്ന ഒഴിവുകൾ , സർക്കാർ സ്ഥാപനങ്ങളിലെ പബ്ലിക് സർവീസ് കമ്മീഷന്റെ നിയമന പരിധിയിൽ ഉൾപ്പെടുന്ന തസ്തികകളിലെ താത്കാലിക ഒഴിവുകൾ എന്നിവ നികത്തുന്നത് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന മാത്രമായിരിക്കണമെന്ന കർശന നിർദ്ദേശം കാലാകാലങ്ങളിൽ എല്ലാ സർക്കാർ വകുപ്പുകൾ/പൊതുമേഖല സ്ഥാപനങ്ങൾ/ ബോർഡുകൾ/കമ്പനികൾ/ കോർപ്പറേഷനുകൾ/ സർക്കാർ ഗ്രാന്റിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ മേധാവികൾക്കു നൽകിയിട്ടുണ്ട്. |
| (ബി) | യോഗ്യരായവർ ഇല്ലെങ്കിൽ യോഗ്യരായവർ ഇല്ലെന്ന സർട്ടിഫിക്കറ്റ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും വാങ്ങിയ ശേഷമേ പ്രസ്തുത സ്ഥാപനങ്ങളിൽ നേരിട്ടുള്ള നിയമനം നടത്താൻ പാടുള്ളൂ എന്ന വ്യവസ്ഥ നിലവിലുണ്ടോ; | (ബി) | പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ PSC യ്ക്കു വിടുന്നതിന്റെ ഭാഗമായി നിയമനചട്ടങ്ങൾ രൂപീകരിക്കേണ്ടതുണ്ടെന്നും, പ്രസ്തുത നിയമന ചട്ട രൂപീകരണത്തിനു മുന്പും, കൂടാതെ മറ്റ് സാങ്കേതിക കാരണങ്ങളാലും ഉണ്ടാകുന്ന ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി മാത്രം നികത്തേണ്ടതാണെന്നും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ൽ നിന്നും NAC ലഭ്യമായാൽ മാത്രം ഓപ്പൺ മാർക്കറ്റിൽ നിന്നും നിയമനം നടത്താവൂ എന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സർക്കാർ വകുപ്പുകൾ/പൊതു മേഖല സ്ഥാപനങ്ങൾ/ ബോർഡുകൾ/കമ്പനികൾ/ കോർപ്പറേഷനുകൾ/ സർക്കാർ ഗ്രാന്റിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലേക്കുള്ള പബ്ലിക് സർവീസ് കമ്മീഷന്റെ പരിധിയ്ക്കു പുറത്തു വരുന്ന |

| | | | |
|---|---|---|---|
| | | | ഒഴിവുകൾ , സർക്കാർ സ്ഥാപനങ്ങളിലെ പബ്ലിക് സർവീസ് കമ്മീഷന്റെ നിയമന പരിധിയിൽ ഉൾപ്പെടുന്ന തസ്തികകളിലെ താത്കാലിക ഒഴിവുകൾ എന്നിവയിലെ നിയമനങ്ങളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി മാത്രം നികത്തേണ്ടതാണെന്ന് വ്യവസ്ഥ നിലവിലുണ്ട് അപ്രകാരം അറിയിക്കുന്ന ഒഴിവുകളിലേക്ക് വകുപ്പിലെ നിയമങ്ങൾക്കനുസൃതമായി സർക്കുലേഷൻ നടപടികൾ പൂർത്തിയാക്കിയശേഷവും, പത്ര, ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിൽ കൂടി പ്രചാരണം നടത്തിയശേഷവും യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭ്യമല്ലാതെ വരുന്ന സാഹചര്യത്തിൽ NESM (നാഷണൽ എംപ്ലോയ്മെന്റ് സർവീസ് മാന്വൽ) volume II ലെ form X -49 ൽ നിഷ്കർഷിച്ചിട്ടുള്ള മാതൃകയിൽ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഉദ്യോഗദായകന് നൽകുന്നു. |
| (സി) | പ്രസ്തുത വ്യവസ്ഥകൾ ലംഘിച്ച് നിയമനം നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (സി) | വ്യക്തികൾ/സംഘടനകൾ മുഖേന ലഭിക്കുന്ന പരാതികളിലും പത്രവാർത്തകളുടെ അടിസ്ഥാനത്തിലും വകുപ്പിലെ ആക്ട് എൻഫോഴ്സ്മെന്റ് ഓഫീസർമാരായ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ/എംപ്ലോയ്മെന്റ് ഓഫീസർമാരുടെ നേതൃത്വത്തിൽ നടത്തുന്ന സ്ഥാപന പരിശോധനകളിലും ചില സ്ഥാപനങ്ങളിൽ വ്യവസ്ഥകൾ ലംഘിച്ച് നിയമനങ്ങൾ നടന്നതായി ശ്രദ്ധയിൽ പെടുകയും ടി നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനെ നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട് |
| (ഡി) | എങ്കിൽ പ്രസ്തുത നിയമനാധികാരികൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (ഡി) | 1959-ലെ കംപൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം എല്ലാ സർക്കാർ/ അർദ്ധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലേയും ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കേണ്ടതാണ്. സംസ്ഥാനത്തുള്ള സർക്കാർ വകുപ്പുകൾ/ പൊതുമേഖലാസ്ഥാപനങ്ങൾ/ബോർഡുകൾ/ കമ്പനികൾ/കോർപ്പറേഷനുകൾ/സർക്കാർ ഗ്രാന്റിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലുള്ള പബ്ലിക് സർവീസ് കമ്മീഷന്റെ പരിധിക്ക് പുറത്ത് വരുന്ന ഒഴിവുകൾ നികത്തുന്നത് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന 1959-ലെ കംപൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി മാത്രമായിരിക്കേണ്ടതാണെന്നും ഇതിന് വിപരീതമായി പ്രവർത്തിക്കുന്ന വകുപ്പ് മേധാവികൾക്കും/തലവൻമാർക്കുമെതിരെ കർശന |

| | | | |
|---|---|---|---|
| | | | നടപടികൾ സ്വീകരിക്കുന്നതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>വകുപ്പിലെ ആക്ട് എൻഫോഴ്സ്മെന്റ് ഓഫീസർമാരായ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ/ എംപ്ലോയ്മെന്റ് ഓഫീസർമാരുടെ നേതൃത്വത്തിൽ നടത്തുന്ന സ്ഥാപന പരിശോധനകളിലും, വ്യവസ്ഥകൾ ലംഘിച്ച് നിയമനങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽ പെട്ടാൽ ടി നിയമനങ്ങൾ റദ്ദ് ചെയ്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഒഴിവ് അറിയിച്ച് നിയമനം നടത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗദായകന് കർശന നിർദ്ദേശം നൽകുകയും ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ